ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# ദയാവധത്തിന് നിയമസാധുതയോ?

عَنْ أَنَسٍ رضى الله عنه قَالَ: قَالَ رَسُولُ اللَّهِ صلى الله عليه وسلم: لاَ يَتَمَنَّيَنَّ أَحَدُكُمُ الْمَوْتَ لِضُرٍّ نَزَلَ بِهِ فِي الدُّنْيَا وَلَكِنْ لِيَقُلْ: اللَّهُمَّ أَحْيِنِي مَا كَانَتِ الْحَيَاةُ خَيْرًا لِي وَتَوَفَّنِي إِذَا كَانَتِ الْوَفَاةُ خَيْرًا لِي (متفق عليه)

**അനസി(റ)ൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: ഇഹലോകത്ത് വന്നുപെട്ട വല്ല ദുരിതത്തിന്റെയും പേരിൽ നിങ്ങളാരും മരണം കൊതിക്കരുത്. എന്നാൽ (പറഞ്ഞേ പറ്റൂ എങ്കിൽ) ഇങ്ങനെ പറയാം; 'അല്ലാഹുവേ, ജീവിതം ഉത്തമമാകുന്നിടത്തോളം എന്നെ നീ ജീവിപ്പിക്കേണമേ. മരണമാണ് എനിക്കുത്തമമെങ്കിൽ നീ എന്നെ മരിപ്പിക്കേണമേ.'**

എത്ര വലിയ ദുരന്തത്തിലകപ്പെട്ടാലും മരണം ആഗ്രഹിക്കാൻ പോലും പാടില്ലെന്നാണ് ഈ നബിവചനം അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. വേദനയും ദുരിതവും ഏറെ അസഹ്യമായാൽ തന്നെ 'എന്നെ മരിപ്പിച്ചു തന്നാലും' എന്ന് ദൈവത്തോട് പ്രാർഥിക്കാൻ വരെ അനുവാദമില്ലെന്നു തന്നെയാണ് നബിവചനം വ്യക്തമാക്കുന്നത്.

തന്റെ വേദനയും ദുരിതവും പ്രയാസവും അകറ്റിത്തരാൻ മനംനൊന്ത് പ്രാർഥിക്കാനാണ് ദൈവനിർദേശം. രോഗങ്ങളും ദുരിതങ്ങളുമെല്ലാം പരീക്ഷണമായി കണ്ട് ദൈവത്തോട് ആത്മാർഥമായി പ്രാർഥിച്ച പ്രവാചകന്മാർക്കും വിശ്വാസികൾക്കും, ശമനവും ആശ്വാസവും നൽകിയ പല സംഭവങ്ങളും ഖുർആനും തിരുവചനങ്ങളും ഉദ്ധരിക്കുന്നുണ്ട്: ''എന്റെ അടിമകൾ എന്നെ സംബന്ധിച്ച് അന്വേഷിച്ചാൽ 'ഞാൻ അവർക്ക് സമീപത്തുണ്ടെ'ന്ന് പറയണം. എന്നെ വിളിച്ചു പ്രാർഥിക്കുന്നവർക്ക് ഞാൻ ഉത്തരം നൽകും. അതിനാൽ അവർ എനിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ''(*അൽബഖറ:* 186). എല്ലാം കേൾക്കുകയും കാണുകയും ചെയ്യുന്ന ഏകനായ ദൈവത്തെ വിശ്വസിച്ച് അംഗീകരിച്ച് ദുരിതങ്ങളകറ്റാൻ കഴിവുള്ള ഏകശക്തി ഏകദൈവമാണെന്നും മറ്റാർക്കും അതിന് കഴിവില്ലെന്നും വിശ്വസിച്ച വ്യക്തി ക്ഷമാലുവെന്ന് ദൈവത്തിന് ബോധ്യപ്പെട്ട ശേഷം പ്രാർഥിച്ചാൽ ഉത്തരം ലഭിക്കാതിരിക്കില്ല. ഇത്തരം വിശ്വാസവും പ്രവർത്തനവും ഉള്ളവരെ നൈരാശ്യം ബാധിക്കില്ല. ഒരവസ്ഥയിലും സമനില വിട്ട് പ്രവർത്തിക്കുകയുമില്ല. അവർ പ്രയാസങ്ങളെ തരണം ചെയ്യാനുള്ള മനക്കരുത്താർജിക്കും.

ദൈവേതരന്മാർക്ക് പൂജയും വഴിപാടുകളുമർപ്പിച്ച്, ദുരിത നിവാരണം കാത്തിരുന്ന് നിരാശരായവരാണ് ആത്മഹത്യയുടെയും ദയാവധത്തിന്റെയുമൊക്കെ വഴി തെരഞ്ഞെടുക്കുന്നത്. നിരീശ്വരവാദികളും അങ്ങനെത്തന്നെ. ഇരുപതാം നൂറ്റാണ്ടിൽ ഉദയം ചെയ്ത് ലോകത്തെ കീഴടക്കിവാണിരുന്ന ഭൗതിക പ്രസ്ഥാനങ്ങളുടെ ഉന്നത നേതാക്കളുടെയും ഭരണാധികാരികളുടെയും നിരാശാജനകമായ അന്ത്യനാളുകളന്വേഷിച്ചറിഞ്ഞാൽ അക്കാര്യം ബോധ്യമാകും.

ജീവൻ നൽകിയ ദൈവത്തിന് മാത്രമേ അത് തിരിച്ചെടുക്കാനും അവകാശമുള്ളൂ എന്നതാണ് ഇസ്‌ലാമിന്റെ സുവ്യക്ത നിലപാട്. അതിൽ ഒരു നിലക്കുള്ള ഇടപെടലും ഇസ്‌ലാം അംഗീകരിക്കുന്നില്ല. 'എന്നെ മരിപ്പിക്കേണമേ' എന്ന പ്രാർഥന പോലും പാടില്ലെന്നിരിക്കെ അത്തരം ചിന്തകൾ പോലും വിശ്വാസിക്കുണ്ടായിക്കൂടാ എന്നു തന്നെയാണ് ഈ നബിവചനം ഓർമപ്പെടുത്തുന്നത്. പ്രമുഖ സ്വഹാബി ബിലാൽ അനുസ്മരിക്കുന്നു: 'ഉദരരോഗം ബാധിച്ച് നിരവധി തവണ എന്നെ ചൂടു വെച്ച് അസഹ്യവേദനയാൽ പിടയുന്ന ഘട്ടത്തിൽപോലും ഞാൻ മരണത്തിനു വേണ്ടി പ്രാർഥിക്കാതിരുന്നത് നബി(സ) അത് നിരോധിച്ചതുകൊണ്ടായിരുന്നു.'

എത്രയേറെ നിബന്ധനകളോടെയാണെങ്കിലും ദയാവധത്തിന് നിയമസാധുത നൽകുന്നത് ഗുരുതരമായി കാണണം. വിശ്വാസരാഹിത്യത്തിൽനിന്ന് ഉടലെടുക്കുന്നതാണത്, മനുഷ്യത്വവിരുദ്ധവുമാണ്. വ്യക്തിക്കോ ഗവൺമെന്റിനോ നീതിന്യായ സംവിധാനങ്ങൾക്കോ അതംഗീകരിക്കാനാവില്ല.

ഗുരുതരാവസ്ഥയിൽനിന്ന് ജീവിതത്തിലേക്ക് തിരിച്ചുവരാനാകില്ലെന്ന് ഒരാളെ സംബന്ധിച്ച് ആർക്കാണ് വിധിയെഴുതാനാവുക?

'മൂക്കിൽനിന്ന് ഉപകരണമെടുത്താൽ മരണം സംഭവിക്കും. വേണ്ട ഏർപ്പാടുകൾ ചെയ്തോളൂ' എന്ന് പ്രമുഖ ഡോക്ടർമാർ ഒന്നിച്ച് വിധിയെഴുതിയിട്ടും ജീവിതത്തിലേക്ക് തിരിച്ചുവന്ന് പഴയ ജോലികൾ തുടരുന്നവരുണ്ടല്ലോ.

''നാളെ താൻ എന്താണ് സമ്പാദിക്കുന്നതെന്നോ ഏതു സ്ഥലത്ത് വെച്ചാണ് താൻ മരിക്കുന്നതെന്നോ ആർക്കുമറിയില്ല. അല്ലാഹു മാത്രമാണ് എല്ലാം അറിയുന്നവനും തികഞ്ഞ ബോധമുള്ളവനും'' (*ഖുർആൻ* 31:34).